## നടപടി ക്രമം

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ .സി.സി ഡയറക്ടറേറ്റ്**
**(കേരളവും ലക്ഷദ്വീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം**
**(ഹാജർ : മേജർ ജനറൽ അലോക് ബേരി)**

**എൻ.സി.സി ജീവനക്കാര്യം : പാർട്ട് ടൈം സ്വീപ്പറുടെ നിയമനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

നമ്പർ 0536/എ6 –എസ്റ്റാ/2022/എൻ.സി .സി തിരുവനന്തപുരം തീയതി: 15 ഡിസംബർ 2022

സൂചന: (1) ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ 02.08.2022 ലെ 2020/231/0 നമ്പർ ഉത്തരവ്.

(2) എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോട്ടയത്തിന്റെ 03.11.2022 ലെ 5502/1/SE-II നമ്പർ കത്ത്.

## ഉത്തരവ്

1. 33 കേരള ബറ്റാലിയൻ എൻ .സി .സി, നെടുങ്കണ്ടം ഓഫീസിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയുടെ ഒഴിവിലേയ്ക്ക്, ഇടുക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുള്ള ചുവടെ പരാമർശിക്കുന്ന ഉദ്യോഗാർത്ഥിയെ കോട്ടയം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ സൂചന (2) പ്രകാരം നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും | ജനന തീയതി, | ജാതിയും മതവും | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1. | ശ്രീ. വർഗ്ഗീസ് ആന്റണി<br>പുരയ്ക്കൽ ഹൗസ്,<br>മലക്കുന്നം (പി.ഒ), കുറിച്ചി,<br>ചങ്ങനാശ്ശേരി,<br>കോട്ടയം - 686535 | 24.05.1982 | ക്രിസ്ത്യൻ | എസ്.എസ്. എൽ.സി |

2. മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥിയെ (13000 - 21080/-) (പുതുക്കിയ സ്കെയിൽ) രൂപ ശമ്പള നിരക്കിൽ പാർട്ട് ടൈം സ്വീപ്പറായി 33 കേരള ബറ്റാലിയൻ എൻ .സി .സി, നെടുങ്കണ്ടം ഓഫീസിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

3. ശ്രീ. വർഗ്ഗീസ് ആന്റണി എന്ന ഉദ്യോഗാർത്ഥി തന്റെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, മതം, സ്വഭാവം (ഫാറം-2 ൽ രണ്ട് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്), ക്രീമിലെയർ മുതലായവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം 33 കേരള ബറ്റാലിയൻ എൻ .സി .സി, നെടുങ്കണ്ടം ഓഫീസ് മേധാവി മുൻപാകെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഹാജരാകേണ്ടതാണ്. കൂടാതെ, സർക്കാർ ഉത്തരവ് നമ്പർ GO(P) No 20/2011/P&ARD, തീയതി 30.06.2021 ൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

4. കൂടാതെ പ്രസ്തുത ഉദ്യോഗാർത്ഥി 1975-ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ ജോലിയിൽ പ്രൊബേഷണറായി തുടരേണ്ടതാണ്.

5. 33 കേരള ബറ്റാലിയൻ എൻ .സി .സി, നെടുങ്കണ്ടം ഓഫീസ് മേധാവി ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ സൂക്ഷ്മപരിശോധന നടത്തി ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. **രണ്ട് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് പ്രവേശന റിപ്പോർട്ടിനോടൊപ്പം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.**

6. ടി ഉദ്യോഗാർത്ഥി ജോലിക്ക് ഹാജരാകുമ്പോൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ട സമയത്ത് ഹാജരാക്കിയ വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് പരിശോധനയിൽ ബോധ്യമാകുകയോ, ഉദ്യോഗാർത്ഥിയെ തെറ്റായാണ് നാമനിർദ്ദേശം ചെയ്തതെന്ന് തെളിയുകയോ ചെയ്യുന്ന പക്ഷം, പ്രസ്തുത വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ അവസരം നൽകിയതിന് ശേഷം, അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ചു വിടുന്നതായിരിക്കും. ഇത് സംബന്ധിച്ച് സമ്മതപത്രം ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങി സേവന പുസ്തകത്തിൽ സൂക്ഷിക്കേണ്ടതാണ്.

Sd/- x x x
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

<u>പകർപ്പ്:</u>

1. ശ്രീ. വർഗ്ഗീസ് ആന്റണി – By Registered Post
പുരയ്ക്കൽ ഹൗസ്,
മലകുന്നം (പി.ഒ), കറിച്ചി,
ചങ്ങനാശ്ശേരി,
കോട്ടയം – 686535

2. കമാണ്ടിംഗ് ഓഫീസർ
33 കേരള ബറ്റാലിയൻ എൻ .സി .സി, നെടുങ്കണ്ടം

3. ഗ്രൂപ്പ് കമാണ്ടർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് , കോട്ടയം

4. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
ഇടുക്കി

5. ഇന്റേർണൽ : എ-2 II /സ്റ്റോക്ക് ഫയൽ/ഫയൽ/സർക്കുലേഷൻ

<u>അംഗീകാരത്തോടെ</u>

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10